## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്ന് പ്രതിനിധിതല ചർച്ച നടത്തും.

   **European Commission President Ursula von der Leyen, who arrived in India on a two-day visit, will hold delegation-level talks with Prime Minister Narendra Modi today.**

2. രോഗ പ്രതിരോധ മാർഗ്ഗങ്ങളിലൂടെ ആരോഗ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിലും, ഔഷധ സസ്യ കൃഷിയിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിലും ആയുഷ് മേഖല വലിയ പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the Ayush sector plays a major role in promoting preventive health care, boosting rural economies through medicinal plant cultivation.**

3. സമുദ്രമേഖലയുടെ വികസനത്തിൽ രാജ്യം അതിവേഗം മുന്നേറുന്നതായി കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ.

   **Union Minister Sarbananda Sonowal said that the country is progressing rapidly in the development of maritime sector.**

4. ചൈനയിൽ നിന്നുള്ള ഇറക്കുമതിക്ക് 10 ശതമാനം അധിക തീരുവ പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ്.

**US President Donald Trump announced an additional 10 percent tariff on imports from China.**

5. വികസിത ഭാരതത്തിനായി ശാസ്ത്ര മേഖലയിൽ ആഗോള നേതൃത്വം വഹിക്കാൻ രാജ്യത്തെ യുവാക്കളെ ശാക്തീകരിക്കുക എന്ന പ്രമേയവുമായി ഇന്ന് ദേശീയ ശാസ്ത്ര ദിനം.

**National Science Day is being celebrated today with the theme of empowering the youth of the country to take global leadership in the field of science for a developed India.**

6. വനിതാ ട്വന്റി-20 പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സ് – റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ 6 വിക്കറ്റിന് പരാജയപ്പെടുത്തി.

**In the Women's T-20 Premier League Cricket, Gujarat Giants defeated Royal Challengers Bangaluru by six wickets**

*****************************************************

**PREZ-GUJARAT**

ഗുജറാത്ത് സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗാന്ധിനഗറിലെ നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റിയുടെ മൂന്നാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യും. തുടർന്ന് ഭുജിലെ സ്മൃതിവൻ ഭൂകമ്പ സ്മാരകവും രാഷ്ട്രപതി സന്ദർശിക്കും.

*****************************************************

**EU-PM (INTRO)**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ

ലെയ്ൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്ന് പ്രതിനിധിതല ചർച്ച നടത്തും. **ഒരു റിപ്പോർട്ട്.......**

(വോയ്സ്)

2004 മുതൽ തന്ത്രപരമായ പങ്കാളികളാണ് ഇന്ത്യയും യൂറോപ്പും. ഇരു രാജ്യങ്ങളും തമ്മിൽ വ്യാപാരം, നിക്ഷേപം, കാലാവസ്ഥാ വ്യതിയാനം, തുടങ്ങി വിവിധ മേഖലകളിൽ ബഹുമുഖ സഹകരണവും നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ ഒരു ദശകത്തിനിടെ ഇന്ത്യയും യൂറോപ്പും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 90 ശതമാനം വർദ്ധിച്ചു. പുനരുപയോഗ ഊർജം, ഹൈഡ്രജൻ തുടങ്ങിയ മേഖലകളിലും ഇരു രാജ്യങ്ങളും യോജിച്ച് പ്രവർത്തിച്ച് വരുന്നു. ഇന്ത്യയുടെ സുപ്രധാന അന്താരാഷ്ട്ര സംരംഭമായ ഇന്റർനാഷണൽ സോളാർ അലയൻസിലും യൂറോപ്യൻ യൂണിയൻ പങ്കാളിയാണ്. **ന്യൂസ് ഡസ്ക്, ആകാശവാണി.**

വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കറുമായി യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഇന്നലെ ചർച്ചകൾ നടത്തിയിരുന്നു. ഇന്ത്യ -യൂറോപ് ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഈ സന്ദർശനം വഴി ഒരുക്കുമെന്ന് വിദേശകാര്യ മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*************************************************

**PM-AYUSH**

രോഗ പ്രതിരോധ മാർഗ്ഗങ്ങളിലൂടെ ആരോഗ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിലും, ഔഷധ സസ്യ കൃഷിയിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിലും ആയുഷ് മേഖല വലിയ പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ആയുഷ് മേഖലയുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുക

യായിരുന്നു അദ്ദേഹം. രാജ്യത്ത് കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കാൻ ആയുഷ് മേഖലക്ക് സാധിക്കും. ഗവേഷണത്തിലും നവീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഈ മേഖലയെ ശക്തിപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധ മാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

*********************************************************

**PM JAHAN E KHUSRAU**

സൂഫി സംഗീതോത്സവത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ന്യൂഡൽഹിയിലെ സുന്ദർ നഴ്സറിയിൽ നടക്കുന്ന ജഹാൻ-ഇ-ഖുസ്രു 2025-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഇന്ന് മുതൽ മാർച്ച് 2 വരെയാണ് പരിപാടി. റൂമി ഫൗണ്ടേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഫെസ്റ്റിവലിൽ, കൈകൊണ്ട് നിർമ്മിച്ച കരകൗശല വസ്തുക്കളുടെ വിപണന കേന്ദ്രമായ TEH ബസാർ പ്രധാനമന്ത്രി സന്ദർശിക്കും.

*********************************************************

**PM-MAHAKUMBH**

പ്രയാഗ് രാജിൽ നടന്ന മഹാകുംഭമേള ഐക്യത്തിന്റെ മഹായജ്ഞമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ, സ്വന്തം പൈതൃകത്തിൽ അഭിമാനിക്കുന്നതായും, പുതിയ ഊർജത്തോടെ മുന്നേറുകയാണെന്നും അദ്ദേഹം ബ്ലോഗിൽ കുറിച്ചു. മഹാകുംഭ മേളയ്ക്ക് ബുധനാഴ്ചയാണ് പ്രയാഗ്‌രാജിൽ സമാപനമായത്. 45 ദിവസത്തിനിടെ 66 കോടി 21 ലക്ഷത്തിലേറെ തീർത്ഥാടകർ ഇതിൽ പങ്കെടുത്തു.

*********************************************************

## SEBI-NEW CHAIRMAN

സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ, സെബിയുടെ പുതിയ ചെയർമാനായി ധനകാര്യ സെക്രട്ടറി തുഹിൻ കാന്ത പാണ്ഡെയെ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം. മാധബി പുരി ബുച്ചിന്റെ പിൻഗാമിയായാണ് അദ്ദേഹം നിയമിതനായത്. സെബിയുടെ പുതിയ ചെയർമാനെ നിയമിക്കുന്നതിന് ക്യാബിനറ്റിന്റെ അപ്പോയിന്റ്മെന്റ് കമ്മിറ്റി അംഗീകാരം നൽകിയിരുന്നു..

*********************************************************

## SARBANANDA SONOWAL (INTRO)

സമുദ്രമേഖലയുടെ വികസനത്തിൽ രാജ്യം അതിവേഗം മുന്നേറുന്നതായി കേന്ദ്ര തുറമുഖ, ഷിപ്പിംഗ് മന്ത്രി സർബാനന്ദ സോനോവാൾ. ഇന്ത്യയുടെ സമുദ്ര അടിസ്ഥാന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുക, ആഗോള വ്യാപാരം ശക്തിപ്പെടുത്തുക, സുസ്ഥിരത പ്രോത്സാഹിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുള്ള സംരംഭങ്ങൾക്ക് മുംബൈയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. സമുദ്ര മേഖലയ്ക്കായി കേന്ദ്ര ബജറ്റിലെ പ്രധാന പ്രഖ്യാപനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മുംബൈയിൽ നടന്ന യോഗത്തിലാണ് പുതിയ സംരംഭങ്ങൾ ആരംഭിച്ചത്.

(വോയിസ്)

*********************************************************

## JAISHANKAR - DANCE FESTIVAL

വസുധൈവ കുടുംബകം എന്ന പേരിൽ പത്താമത് ഇന്ത്യ അന്താരാഷ്ട്ര നൃത്ത സംഗീതോത്സവം ന്യൂഡൽഹിയിൽ

നടന്നു. വിദേശകാര്യ മന്ത്രി  എസ് ജയശങ്കറും ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയും ചടങ്ങിൽ പങ്കെടുത്തു. ഇന്ത്യ, റഷ്യ, മംഗോളിയ, റുവാണ്ട എന്നിവിടങ്ങളിൽ നിന്നുള്ള കലാകാരന്മാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വസുധൈവ കുടുംബകത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്നതാണ് കലാകാരന്മാരുടെ പ്രകടനങ്ങളെന്ന് കേന്ദ്രമന്ത്രി എസ് ജയശങ്കർ സമൂഹ മാധ്യമത്തിലൂടെ പറഞ്ഞു.

****************************************************

## DELHI – CAG REPORT

ഡൽഹിയിൽ മുൻ സർക്കാരിന്റെ ഭരണവുമായി ബന്ധപ്പെട്ട കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട് ഡൽഹി സർക്കാർ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും. റിപ്പോർട്ടിന്റെ പകർപ്പ് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത നിയമസഭയിൽ സമർപ്പിക്കും. സാമൂഹ്യ ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ, ഭരണ നിർവഹണം എന്നിവയെകുറിച്ചാണ് റിപ്പോർട്ട്. എഎപി സർക്കാരിന്റെ മദ്യനയവുമായി ബന്ധപ്പെട്ട സിഎജി റിപ്പോർട്ട് മൂന്നു ദിവസം മുമ്പ് നിയമസഭയിൽ അവതരിപ്പിച്ചിരുന്നു.

****************************************************

## TRUMP–CHINA

ചൈനയിൽ നിന്നുള്ള ഇറക്കുമതിക്ക് 10 ശതമാനം അധിക തീരുവ പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ്. ചൊവ്വാഴ്ച മുതൽ കാനഡയ്ക്കും മെക്സിക്കോയ്ക്കും തീരുവ ചുമത്താൻ ആലോചിക്കുന്നതായും ട്രംപ് പറഞ്ഞു. ഈ മാസം ആദ്യം  ചൈനയിൽ നിന്നുള്ള ഇറക്കുമതിക്ക് 10 ശതമാനം നികുതി ഏർപ്പെടുത്തിയിരുന്നു.

****************************************************

## NADDA-ODISHA VISIT

രണ്ട് ദിവസത്തെ ഒഡീഷ സന്ദർശനത്തിനായി കേന്ദ്ര മന്ത്രി ജെ പി നഡ്ഡ ഭുവനേശ്വറിലെത്തി. രാജ്യത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം, നിലവിലെ പദ്ധതികളുടെ പുരോഗതി എന്നിവയെക്കുറിച്ചുള്ള 9-ാമത് ദേശീയ ഉച്ചകോടി അദ്ദേഹം ഇന്ന് ഉദ്ഘാടനം ചെയ്യും.

*******************************************************

## LUCKNOW-CM-YOGI

മഹാകുംഭമേളയിൽ തുടർച്ചയായി സേവനമനുഷ്ഠിച്ച ശുചിത്വ, ആരോഗ്യ പ്രവർത്തകർക്ക് 10,000 രൂപ അധിക ബോണസ് നൽകുമെന്ന് ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞു. മഹാ കുംഭമേളയിൽ പങ്കെടുത്ത ശുചിത്വ-ആരോഗ്യപ്രവർത്തകർ, ബസ് ഓപ്പറേറ്റർമാർ, പോലീസുകാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

*******************************************************

## HIGH LEVEL MEETING -FOREST

വന്യജീവി ആക്രമണം തടയാൻ സംസ്ഥാന സർക്കാർ കർമ്മ പദ്ധതി രൂപീകരിക്കും. മനുഷ്യ - വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ഇന്നലെ ചേർന്ന ഉന്നത തല യോഗത്തിലാണ് തീരുമാനം.

*******************************************************

## NATIONAL SCIENCE DAY

ഇന്ന് ദേശീയ ശാസ്ത്ര ദിനം. വിഖ്യാത ഭൗതിക ശാസ്ത്രജ്ഞനായ സർ സിവി രാമൻ 'രാമൻ ഇഫക്ട് ' കണ്ടെത്തിയതിന്റെ സ്മരണാർത്ഥം എല്ലാ വർഷവും ഫെബ്രുവരി 28 ന് ശാസ്ത്രദിനം

ആചരിക്കുന്നു. വികസിത ഭാരതത്തിനായി ശാസ്ത്രമേഖലയിൽ ആഗോള നേതൃത്വം വഹിക്കാൻ രാജ്യത്തെ യുവാക്കളെ ശാക്തീകരിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം. ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് രാജ്യത്തുടനീളം വൈവിധ്യമാർന്ന ശാസ്ത്ര ആശയവിനിമയ പരിപാടികൾ സംഘടിപ്പിക്കും.

******************************************

## WPL CRICKET

വനിതാ ട്വന്റി-20 പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സ് ആറ് വിക്കറ്റിന് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ പരാജയപ്പെടുത്തി. ബെംഗളൂരുവിലെ എം.ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ബാംഗ്ലൂർ നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 125 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഗുജറാത്ത് ജയന്റ്സ് 16.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം നേടി.

******************************************

## ISL

ISL ഫുട്ബോളിൽ FC ഗോവ, പഞ്ചാബ് FC യെ പരാജയപ്പെടുത്തി. എതിരില്ലാത്ത ഒരു ഗോളിനാണ് ഗോവയുടെ ജയം. ഇന്ന് നടക്കുന്ന മത്സരത്തിൽ ഒഡീഷ – മുഹമ്മദൻ എസ്.സി യെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലെ കലിങ്കാ സ്റ്റേഡിയത്തിലാണ് മത്സരം.

******************************************

## RENJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനൽ ഒന്നാം ഇന്നിങ്സിൽ വിദർഭയ്ക്കെതിരെ കേരളം 3 വിക്കറ്റിന് 131 റൺസ് എന്ന നിലയിൽ. ആദ്യ ഇന്നിംഗ്സിൽ 379 റൺസാണ് വിദർഭ നേടിയത്.

********************************************

**CM WALES**

കേരളത്തിലെത്തിയ വെയിൽസ് ആരോഗ്യ, സാമൂഹിക ക്ഷേമ വകുപ്പ് കാബിനറ്റ് സെക്രട്ടറി ജെറമി മൈൽസ് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തും. തിരുവനന്തപുരം മെഡിക്കൽ, നഴ്സിംങ് കോളേജുകൾ സന്ദർശിക്കുന്ന വെയിൽസ് സംഘം വിദ്യാർത്ഥികളുമായും സംവദിക്കും.

********************************************

**HAKKIM KOOTTAYI**

ആകാശവാണി കോഴിക്കോട് നിലയത്തിലെ പ്രാദേശിക വാർത്ത അവതാരകൻ ഹക്കീം കൂട്ടായി ഇന്ന് വിരമിക്കും. 27 വർഷത്തെ സേവനത്തിന് ശേഷമാണ് അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്ന് പടിയിറങ്ങുന്നത്. 1997 നവംബറിൽ ഡൽഹി ന്യൂസ് സർവീസസ് ഡിവിഷണിൽ മലയാളം വാർത്താ അവതാരകനായി ആകാശവാണിയിൽ പ്രവേശിച്ച അദ്ദേഹം തുടർന്ന് വിവിധ നിലയങ്ങളിൽ പ്രവർത്തിച്ചു. 2000 ഡിസംബറിലാണ് കോഴിക്കോട് നിലയത്തിൽ എത്തുന്നത്. ഏറ്റവും കൂടുതൽ കാലം സേവനം അനുഷ്ഠിച്ചതും ഇവിടെത്തന്നെയാണ്. മലപ്പുറം തിരൂർ സ്വദേശിയാണ്.

********************************************

**GANESH KUMAR MINISTER PRESS MEET**

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഒന്നാം തീയതി തന്നെ ശമ്പളം കൊടുക്കുന്ന രീതിയിലേക്ക് അധികം വൈകാതെ എത്തുമെന്ന് മന്ത്രി കെ.ബി.ഗണേഷ് കുമാർ. ചങ്ങനാശ്ശേരിയിൽ പുതുതായി നിർമ്മിക്കുന്ന

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കെ.എസ്.ആർ.ടി.സി മാറ്റത്തിന്റെ പാതയിലാണെന്നും മന്ത്രി പറഞ്ഞു.

**************************************************

## WAVES SUMMIT

WAVES ഉച്ചകോടി മാധ്യമങ്ങളുടെയും വിനോദത്തിന്റെയും എല്ലാ തലങ്ങളും ഒത്തുചേരുന്നതായിരിക്കുമെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജു. മെയ് 1 മുതൽ 4 വരെ മുംബൈയിൽ നടക്കാനിരിക്കുന്ന ഉച്ചകോടി ഉള്ളടക്ക സ്രഷ്ടാക്കൾക്കും സാങ്കേതിക വിദഗ്ധർക്കും ഒത്തുചേരാനും, രാജ്യത്തെ AVGC മേഖലയുടെ വളർച്ചയ്ക്കായുള്ള അവസരങ്ങൾ സൃഷ്ടിക്കാനും സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

**************************************************

## HIMACHAL-SNOWFALL

കനത്ത മഞ്ഞുവീഴ്ചയെ തുടർന്ന് ഹിമാചൽ പ്രദേശിലെ വിവിധ സ്ഥലങ്ങളിൽ റോഡ് ഗതാഗതം നിരോധിച്ചു. ഷിംല ജില്ലയിലെ നാർക്കണ്ടയ്ക്ക് സമീപമുള്ള ദേശീയ പാത 5 ഉൾപ്പെടെ ആകെ 12 റോഡുകളാണ് അടച്ചിരിക്കുന്നത്. കൃത്രിമ തടാകം രൂപപ്പെട്ടതിനെ തുടർന്ന് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കുളു ജില്ലയിലെ തോഷ് ഗ്രാമത്തിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി.

**************************************************

**REV. BIHAR TREMORS**

ബീഹാർ, പശ്ചിമ ബംഗാൾ, സിക്കിം, നേപ്പാൾ എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിൽ ഇന്ന് പുലർച്ചെ ഭൂചലനം അനുഭവപ്പെട്ടു. റിക്റ്റർ സ്കയിലിൽ 5.5 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമാണ് ഉണ്ടായത്. ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം നേപ്പാളാണെന്ന് നാഷണൽ സെന്റർ ഫോർ സീസ്മോളജി അറിയിച്ചു.

******************************************************************************************************************************************************************

**********

*******************************************************